ശ്രീ. കെ. സുകുമാരനുണ്ണി: 200 ഓളം ഏലാ തുറക്കാൻ നടപടി യെടുത്തുവെന്നു പറഞ്ഞു. വില്ലേജ് എക്സ്റ്റെൻഷൻ ആഫീസർ മാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. അങ്ങനെയുള്ള ആളുകളെ ഏതെങ്കിലും സംവിധാനമേർപ്പെടുത്തി അവിടെ നിയമിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: നോക്കാം.

(ചോദ്യം 535 ചോദിച്ചില്ല)

ശുദ്ധജല വിതരണപദ്ധതികളുടെ പണി

* 505 [536] ശ്രീ. റ്റി. എച്ച്. മുസ്തഫ:
,, കെ. രാഘവൻ മാസ്റ്റർ:
,, എം. വി. രാജൻ:
,, പി. ബാലൻ:
,, എൻ. ഐ. ദേവസ്സിക്കുട്ടി:
,, തെന്നല ബാലകൃഷ്ണപിള്ള:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും ശുദ്ധജല വിതരണ പദ്ധതികളുടെ പണി മുടങ്ങിക്കിടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) പണിനടത്താൻ താമസിക്കുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ,

(എ) ഉണ്ട്.

(ബി) പള്ളിത്തുറ റീഹാബിലിറേഷൻ സെന്റർ ശുദ്ധജല വിതരണ പദ്ധതി
നഗരൂർ ,,
ചെട്ടിക്കാട് ,,
കഞ്ഞിക്കുഴി ,,
ചേലക്കര ,,
വടക്കാഞ്ചേരി ,,
എങ്കക്കാട് ,,
തോളൂർ ,,
പെരള ,,

(സി) നഗരൂർ പദ്ധതി കരാറുകാരന്റെ മരണം മൂലവും പള്ളിത്തുറ ചെട്ടിക്കാട്, കഞ്ഞിക്കുഴി എന്നീ പദ്ധതികളും കരാറുകാരുടെ അനാസ്ഥ മൂലവും മുടങ്ങിക്കിടക്കുന്നു. എങ്കക്കാട്, തോളൂർ എന്നീ പദ്ധതികളും കരാറുകാർ ഉപേക്ഷിച്ചുപോയിരിക്കുകയാണ്. ചേലക്കര, വടക്കാഞ്ചേരി എന്നീ പദ്ധതികളുടെ പണികളും, ഉറവിടമായ പെരുകാട് ജലസേചന അണക്കെട്ട് ജലസേചനവകുപ്പിൽനിന്ന് ആരംഭിച്ചിട്ടില്ലാത്തതിനാലും പെരള പദ്ധതി കോടതിനടപടികളും മൂലവും മുടങ്ങിക്കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: സംസ്ഥാനത്ത് പല ശുദ്ധ ജലവിതരണപദ്ധതികളും പഞ്ചായത്തുകൾ തുടങ്ങിവച്ചിട്ടുണ്ട്. ആദ്യം ഒരു പഞ്ചായത്ത് ഏറെറടുത്തിട്ട് പിന്നെ പല പഞ്ചായത്തുകൾ കൂട്ടു ചേർന്ന് പണി തുടരുകയും ഒക്കെ ചെയ്തിട്ടുണ്ട്. വാട്ടർ ബോർഡ് രൂപീകരിക്കാത്തതുകൊണ്ടാണ് താമസിക്കുന്നത് എന്നു പറഞ്ഞിരുന്നു. വെള്ളം കുടിക്കാനില്ലാതെയായിട്ടു മൂന്നുമാസമായി. എത്രയുംവേഗം നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മുടങ്ങിക്കിടക്കുന്ന പദ്ധതി കളെക്കുറിച്ചുള്ള ചോദ്യമാണ്. വാട്ടർ ബോർഡ് രൂപീകരണം കഴിയു ന്നതും വേഗം ചെയ്യാം എന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വാട്ടർ സോഴ്സിനെപ്പററി ശരി യായി ഇൻവെസ്റ്റിഗേഷൻ നടത്താതെ പല പദ്ധതികളും തുടങ്ങി. എന്നാൽ പഞ്ചായത്തുകൾ അടയ്ക്കേണ്ട വിഹിതം അടച്ചുകൊണ്ടിരിക്കുക യാണ്. എന്നാൽ എല്ലാററിനും വെള്ളത്തിന് പകരം കാററാണ് കിട്ടുന്ന തെന്നുള്ളത് പരിഗണിച്ച് ശരിയായ ആഗുമെൻറേഷൻ നടത്തി ജലം കൂടുതൽ കിട്ടുന്നതിനുള്ള പദ്ധതികൾ നടത്തണമെന്നുള്ള നിവേദനം ബഹുമാനപ്പെട്ട മന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എല്ലാ ജലസേചന പദ്ധതി കളും കാററാണെന്നു പറയുന്നത് ശരിയല്ല. ഏതോ ചില പദ്ധതി കൾക്ക് വെള്ളം കിട്ടാതായിട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: വടക്കാഞ്ചേരി, ചേലക്കര എന്നീ പദ്ധതികളുടെ പണി ആരംഭിച്ചിട്ട് വർഷങ്ങൾ ആയിയെന്നുള്ളത് പരി ഗണിച്ച് വടക്കാഞ്ചേരി താലൂക്കാശുപത്രിയിൽപോലും ശുദ്ധജലം ലഭിക്കാതെ രോഗികൾ ബുദ്ധിമുട്ടുന്നുണ്ടെന്നുള്ളതുകൊണ്ട് ഭാരതപ്പുഴ യിൽനിന്നും ശുദ്ധജല വിതരണത്തിന് പ്രത്യേക പദ്ധതികൾ നടപ്പി ലാക്കുന്നതിനെപ്പററി ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ചേലക്കര, വടക്കാഞ്ചേരി പദ്ധ തികൾക്ക് അണക്കെട്ടിൽനിന്നുമാണ് വെള്ളം എടുക്കുന്നത്. അണക്കെ ട്ടിൻെറ പണി പൂർത്തിയാകാത്തതുകൊണ്ടാണ് നടപ്പിലാക്കാത്തത്.

ശ്രീ. ആർ. സുന്ദരേശൻ നായർ: പല സ്ഥലങ്ങളിലും പമ്പുസെ ററുകൾ കേടായതുകൊണ്ട് വെള്ളം ലഭിക്കുന്നില്ല. ഒരേ സ്ഥലത്ത് രണ്ട് പമ്പുസെററുകൾ ഉള്ളതിൽ ഒരെണ്ണം ചീത്തയായതുകൊണ്ട് വെള്ളം ലഭി ക്കാതിരിക്കുന്നുണ്ട്. അതിയന്നൂരിൽ നെല്ലിമൂട് പഞ്ചായത്തിൽ ഈ പൊതു പ്രശ്നം ഉണ്ട്. അതുകൊണ്ട് ഗ്യാരൻറി പീരിഡ് കഴിഞ്ഞ സ്ഥലങ്ങളിൽ പമ്പുസെററുകൾ മാററിസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു പൊതുവായ പ്രശ്ന മെന്നു പറയുന്നതു ശരിയല്ല. ഒരു സ്ഥലത്ത് അങ്ങനെ ഉണ്ടെങ്കിൽ ബഹു മാനപ്പെട്ട മെമ്പർ നിവേദനം തന്നാൽ അതിനേപ്പററി ആലോചിക്കുന്ന താണ്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ശുദ്ധജലവിതരണ പദ്ധതിക്ക് സ്ഥലം തിരഞ്ഞെടുക്കുന്നതിന് ഇന്ന് എന്താണ് മാന ദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്? പല സ്ഥലങ്ങളിലും പ്രത്യേക മായിട്ട് കായലോര—കടലോര പ്രദേശങ്ങളിൽ വെള്ളം കിട്ടാൻ വൈഷമ്യം.

LIBRARY ARCHIVES Kerala Legislative Assembly

അനുവേക്കുന്ന പ്രദേശങ്ങളെ ഈ വിതരണത്തിന് തിരഞ്ഞെടുക്കാതെ ആവശ്യമില്ലാത്ത സ്ഥലങ്ങളിലാണ് കൂടുതലും തിരഞ്ഞെടുക്കുന്നത്. വെള്ളം ആവശ്യമില്ലാത്ത പ്രദേശങ്ങളും തെരെഞ്ഞെടുക്കാതിരിക്കാനും ആവശ്യമുള്ള സ്ഥലങ്ങളും തെരെഞ്ഞെടുക്കാനും നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വെള്ളം ആവശ്യമുള്ള പ്രദേശങ്ങളിലാണ് ജലസേചന പദ്ധതികളും തിരഞ്ഞെടുക്കുന്നത്. ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ തെരഞ്ഞെടുത്തെന്നു പറയുന്ന ആരോപണം ഞാൻ നിഷേധിക്കുന്നു. പല സ്ഥലങ്ങളിലും കിട്ടുന്നില്ലെന്നുള്ളത് ശരിയാണ്. വാട്ടർ ബോർഡിന്റെ രൂപീകരണത്തോടുകൂടി കൂടുതൽ വിപുലമായ തോതിൽ ജലവിതരണം നടത്തുമ്പോൾ ഈ കുറവ് പരിഹരിക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: വാട്ടർ സോഴ്സ് ഇല്ലാത്തതുകൊണ്ടുതന്നെ പലയിടവും പൈപ്പ്വെള്ളം കിട്ടാതെ മുടങ്ങി കിടക്കുന്നുണ്ട്. ഇപ്പോഴത്തെ ധാരാളം പണം വിനിയോഗിച്ച് പൈപ്പ് ലൈൻ ഇട്ടിട്ടുള്ള സ്ഥലത്ത് വെള്ളം കിട്ടാനുള്ള നടപടികൾ പൂർത്തീകരിക്കാൻ മുൻഗണന കൊടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തുടങ്ങിവച്ച പദ്ധതികൾ പൂർത്തീകരിച്ചേ മറ്റ് പദ്ധതികൾ എടുക്കുകയുള്ളു എന്നുള്ള നയം സ്വീകരിക്കാൻ നിവൃത്തിയില്ല. പക്ഷെ തുടങ്ങിവച്ചതിന് മുൻഗണന കൊടുക്കുന്നതാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: വ്യാപകമായ രീതിയിൽ ശുദ്ധജല വിതരണ പദ്ധതി മുമ്പോട്ടു കൊണ്ടുപോകാൻ എൽ. ഐ. സി.-യിൽ നിന്നും ആവശ്യമായ ലോൺ ലഭിക്കുന്നതിന് വാട്ടർ ബോർഡ് രൂപീകരിക്കാൻ നിർദ്ദേശം വന്നിരിക്കുന്നു എന്ന് കഴിഞ്ഞ നിയമസഭയിൽ പറയുകയുണ്ടായി. അതിന്റെ രൂപീകരണത്തിന്റെ പ്രവർത്തനങ്ങൾ എത്രത്തോളമായി? എന്നത്തേയ്ക്ക് അത് രൂപീകരിച്ച് വ്യാപകമായ രീതിയിൽ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിന്റെ പ്രവർത്തനം പുരോഗമിക്കുന്നുണ്ട്. കഴിയുന്നതും വേഗം പൂർത്തികരിക്കുന്നതാണ്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: പണി ഏറെടുത്ത ആളുകളുടെ അനാസ്ഥകൊണ്ടാണ് പല പദ്ധതികളും നടക്കാതെ പോകുന്നതെന്ന് അറിയുന്നു. അങ്ങനെ പണി നടക്കാതിരിക്കുന്ന പദ്ധതികൾ നേരിട്ട് ഏറെടുത്ത് നടത്താനുള്ള സംവിധാനം ഗവൺമെന്റിനു ഏർപ്പെടുത്തി കൂടായോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പൂർത്തിയാക്കുന്നതിനുള്ള പല ഏർപ്പാടുകളും ചെയ്യുന്നുണ്ട്.

ശ്രീ. വട്ടിയൂർക്കാവ് രവി: തിരുവനന്തപുരം പ്രദേശത്ത് ആകമാനം വെള്ളം കിട്ടുന്നതിനുള്ള ഒരു ഏർപ്പാടാണ് തിരുവനന്തപുരം ആഗ്മെന്റേഷൻ സ്കീം. അതിന്റെ പണി വളരെ വർഷങ്ങളായി ആരംഭിച്ചിട്ട് ഇതുവരെ പൂർത്തിയായിട്ടില്ല. അത് പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കർ: പാലക്കാട് ടൗണിൽ നിലവിലുള്ള ശുദ്ധജല വിതരണം അപര്യാപ്തമാണെന്നുള്ളതുകൊണ്ട് വികസിച്ച രൂപത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നു കേൾക്കാൻ തുടങ്ങിയിട്ട് നാളുകൾ പലതായി. അത് എന്ന് തുടങ്ങുമെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പാലക്കാട് ടൗണിൽ മാത്രമല്ല തിരുവനന്തപുരം അടക്കമുള്ള എല്ലാ ടൗണുകളിലും ശുദ്ധജലവിതരണത്തിന്റെ കാര്യത്തിൽ അപര്യാപ്തതയുണ്ട്. അത് ആഗ്മെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. വാമദേവൻ: പി. എച്ച്. ഇ. ഡി.-ക്ക് നീക്കിവയ്ക്കുന്ന തുകയിൽ നല്ലൊരു ഭാഗം പൈപ്പുകളും അതുപോലുള്ള മെറ്റീരിയൽസും വാങ്ങിച്ച് ശേഖരിക്കുന്നതിനാണ് അവർ ഉപയോഗിക്കുന്നത്. അത് വാട്ടർ സപ്ലൈക്ക് ഉപയോഗിക്കാൻ തക്ക വിധത്തിലുള്ള നടപടികളല്ല അവർ എടുക്കുന്നതെന്നുള്ളകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതുകൊണ്ട് ഇങ്ങനെ കുഴലുകൾ വാങ്ങിച്ച് സൂക്ഷിക്കുന്നത് ആനുപാതികമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആവശ്യത്തിൽ കവിഞ്ഞ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നുണ്ടെന്നു പറയുന്നത് ശരിയല്ല. ചില പദ്ധതികളുടെ പ്രവർത്തനം മന്ദീഭവിക്കുന്നുണ്ടെന്നുള്ള വസ്തുത ശരിയാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: പാലക്കാട് പട്ടണത്തെ സംബന്ധിച്ച് പറഞ്ഞു. ഈ പദ്ധതി പൂർത്തിയാകുന്നതുവരെയ്ക്കെങ്കിലും ഈ രണ്ടു മാസത്തേയ്ക്കെങ്കിലും ഒന്നുരണ്ട് കുടം വെള്ളം കൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് മുനിസിപ്പാലിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

ശ്രീ. വി. ജെ. ജോസഫ്: പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം ആരംഭിച്ചിട്ടില്ലെങ്കിൽ പോലും അതിനുമുമ്പായി തന്നെ പഞ്ചായത്തുകളുടെ വിഹിതം അടക്കാൻ നിർബന്ധിപ്പിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ പഞ്ചായത്തുകളെ ഈ ശുദ്ധജല വിതരണം ആരംഭിക്കുന്നതുവരെയെങ്കിലും ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പരിഗണിക്കാം.

(537, 538, 539, 540 എന്നീ ചോദ്യങ്ങൾ ചോദിച്ചില്ല.)

കാർഷികോൽപ്പന്നങ്ങളുടെ വില ക്രമീകരിക്കാൻ പദ്ധതി

* 506 [541] ശ്രീ. എൻ. ഭാസ്കരൻനായർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപ്പാദന ചെലവ് അനുസരിച്ച് വില ലഭ്യമാക്കുന്നതിനും, അതോടൊപ്പംതന്നെ വില ക്രമീകരിച്ചുകൊണ്ടുപോകുന്നതിനുമുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുവാൻ ആലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly